കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

കേന്ദ്രത്തിൽ നിന്നുള്ള അരി വിഹിതത്തിൽ കുറവു വരുത്തുകയും, പകരം കൂടുതൽ ഗോതമ്പുകൊണ്ടു് തൃപ്തിപ്പെടുകയും ചെയ്യുന്നതിനു് സംസ്ഥാന ഗവൺമെന്റു് സമ്മതിക്കുന്നപക്ഷം നിലവിലുള്ള ലാൻഡ് യൂട്ടിലൈസേഷൻ ആക്റ്റിൽ ഭേഗതി വരുത്താവുന്നതാണെന്നു ഒരു അഭിപ്രായം കേന്ദ്ര കൃഷി വകുപ്പു മന്ത്രി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടു്.

നിഷേധിക്കപ്പെട്ട തൊഴിലവകാശം

*383 [402] ശ്രീ. പിണറായി വിജയൻ:

ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്തു് സർവ്വീസസ് വകുപ്പിൽ ഏതെങ്കിലും ജീവനക്കാർക്കു് ആഴ്ചയിൽ ഒരു ദിവസത്തെ അവധി എടുക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ ;

(ബി) ആഴ്ചയിൽ ഒരു ദിവസത്തെ അവധി എന്ന അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുന്ന തൊഴിലവകാശം നൽകുന്നതിനു് നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ടു്. ലാബറട്ടറി ടെക്നീഷ്യൻമാർക്കും ആശുപത്രികളിൽ ജോലി ചെയ്യുന്ന പാർട്ടൈം ജീവനക്കാർക്കും ആഴ്ചയിൽ ഒരു ദിവസത്തെ അവധി അനുവദിച്ചിട്ടില്ല. നഴ്സിംഗ് അസിസ്റ്റന്റുമാർക്കും മറ്റും അനുവദിച്ചുകൊണ്ടു് മുമ്പു തന്നെ കൽപ്പനയായിട്ടുള്ളതാണെങ്കിലും, വേണ്ടത്ര സ്റ്റാഫില്ലാത്ത സ്ഥലങ്ങളിൽ പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ലാബറട്ടറി ടെക്നീഷ്യൻമാർക്കു് 15 ദിവസത്തിലൊരിക്കൽ അവധി അനുവദിച്ചിട്ടുണ്ടു്.

(ബി) നഴ്സിംഗ് അസിസ്റ്റന്റുമാർക്കും മറ്റു ഫുൾടൈം ആശുപത്രി ജീവനക്കാർക്കും അനുവദിച്ച അവധി നടപ്പാക്കുന്ന കാര്യവും ലാബറട്ടറി ടെക്നീഷ്യൻസിനുകൂടി അതു അനുവദിക്കുന്ന കാര്യവും പരിഗണിച്ചു വരുന്നു.

എന്നാൽ പാർട്ടൈം ജീവനക്കാർക്കു് എല്ലാ ദിവസവും ഭാഗികമായി മാത്രമാണു് ജോലി എന്നതിനാൽ പ്രസ്തുത അവധിയുടെ പ്രശ്നം ഉദിക്കുന്നില്ല.

ആയുർവ്വേദ വിദ്യാർത്ഥികളുടെ മെമ്മോറാണ്ടം

*384 [403] ശ്രീ. പി. പി. എസ്തോസ്:

ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആയുർവ്വേദ വിദ്യാർത്ഥികൾ ഗവൺമെന്റിലേക്കു് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ;

(സി) എങ്കിൽ ഓരോന്നിനെപ്പറ്റിയും എന്താണ് തീരുമാനം?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി, സി) ആയുർവ്വേദ വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യങ്ങളും അവയിൽ കൈക്കൊണ്ട തീരുമാനങ്ങളും നടപടിയും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഹോമിയോപ്പതി ഡിപ്ലോമ ഹോൾഡേഴ്സിന് ഉപരിപഠനത്തിന് സൗകര്യം

*385 [404] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി ഡിപ്ലോമാ ഹോൾഡേഴ്സിന് ഉപരിപഠനത്തിന് ഇന്നു സംസ്ഥാനത്ത് എന്തെങ്കിലും സൗകര്യങ്ങളുണ്ടോ;

(ബി) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ അതിനു വേണ്ടി ഡിഗ്രി കോഴ്സ് ആരംഭിച്ചിരുന്നോ;

(സി) ഉണ്ടായിരുന്നെങ്കിൽ കഴിഞ്ഞ രണ്ടു വർഷമായി പുതിയ വിദ്യാർത്ഥികളെ ഈ കോഴ്സിനു എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതു പുനഃപരിശോധിക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഫിഷറീസ് കോളേജ്

*386 [405] ശ്രീ. ആർ. എസ്. ഉണ്ണി:

ശ്രീ. കല്പട നാരായണൻ:

ശ്രീ. എസ്. ത്യാഗരാജൻ:

ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ഫിഷറീസ് കോളേജ് സ്ഥാപിക്കാൻ ആലോചന ഉണ്ടോ;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

9.3.1979.ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 384 [403] കാണുക

ആയുർവ്വേദ വിദ്യാർത്ഥികളും ഉന്നയിച്ച ആവശ്യങ്ങളും അവയിൽ കൈക്കൊണ്ട തീരുമാനങ്ങളും നടപടിയും

1. കേരളത്തിൽ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിക്കുക.

നേഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്,

2. ആയുർവ്വേദത്തിന് അലോപ്പതിക്കുള്ള തുല്യ പദവിയും തുല്യ വേതനവും അനുവദിക്കുക.

അലോപ്പതിക്കും ആയുർവ്വേദത്തിനും തുല്യ പദവിയും വേതനവും നൽകണമെന്ന ആവശ്യം മൂന്നാം കേരള ശമ്പളക്കമ്മീഷൻ അംഗീകരിച്ചിട്ടില്ല. അതിനാൽ ഈ ആവശ്യം പരിഗണിക്കാവുന്നതല്ല.

3. ഇന്റേൺഷിപ്പ് അലവൻസ് വർദ്ധിപ്പിക്കുക.

ആയുർവ്വേദ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് അലവൻസ് 1977 ഡിസംബർ മാസത്തിലാണ് 200 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. അലവൻസ് അലോപ്പതി ബിരുദധാരികൾക്ക് തുല്യമാക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

4. ബി. എ. എം. എസ്. നടപ്പിലാക്കുന്നതിനു സത്വര നടപടികൾ കൈക്കൊള്ളുക.

ബി. എ. എം. എസ്. കോഴ്സ് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതിന് കേരള—കാലിക്കറ്റ് യൂണിവേഴ്സിറ്റികൾ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

5. ഹോസ്പിറ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

ഹോസ്പിറ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

6. ഡിപ്പാർട്ടുമെന്റ് വൈസ് സ്റ്റാഫ് പാറ്റേൺ സിസ്റ്റം നടപ്പാക്കുക.

ഈ ആവശ്യം പരിശോധിച്ചു വരുന്നുണ്ട്.

7. ഇ. എസ്. ഐ. സ്കീമിൽ കൂടുതൽ ആയുർവ്വേദ ബിരുദധാരികളെ നിയമിക്കുക.

ഇ. എസ്. ഐ. സ്കീമിൽ കൂടുതൽ ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്ന മുറയ്ക്ക് ഈ ആവശ്യം അംഗീകരിക്കുന്നതാണ്.

8. ഓരോ പഞ്ചായത്തിനും ഓരോ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ പഞ്ചായത്തിലും ഓരോ ഡിസ്പെൻസറി സ്ഥാപിക്കുക എന്നതാണ് ഗവൺമെൻറിന്റെ നയം. ബഡ്ജറിലുള്ള തുകയുടെ ലഭ്യതയനുസരിച്ച് ഓരോ വർഷവും കഴിയുന്നത്ര ഡിസ്പെൻസറികളും അനുവദിക്കാറുണ്ട്. ക്രമേണ പ്രസ്തുത നയം നടപ്പിൽ വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

9. എൻ 2, എൻ 3 ലൈസൻസുകളും എക്സൈസ് വകുപ്പിൽ നിന്നും മാറ്റി ആയുർവ്വേദ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ കൊണ്ടുവരിക.

ഈ പ്രശ്നം റവന്യൂ ബോർഡു (എക്സൈസ്) മായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

10. ഹോസ്പറൽ സൗകര്യങ്ങളും വർദ്ധിപ്പിക്കുക.

ഹോസ്പറൽ സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

11. ആയുർവ്വേദത്തിനു മാത്രമായി ഡ്രഗ്സ് കൺട്രോളും വിഭാഗം ഉണ്ടാക്കുക.

ഡ്രഗ്സ് ആക്ടും റൂളും നടപ്പിലാക്കുന്നതിനു മാത്രമായി ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെൻറ് സ്ഥാപിച്ചിരിക്കുകയാണ്. അലോപ്പതി, ആയുർവ്വേദം, ഹോമിയോ മരുന്നുകളും ഡ്രഗ്സ് ആക്ടിന്റേയും റൂളിന്റേയും പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനാൽ ആയുർവ്വേദം മാത്രമായി ഒരു ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. എന്നിരുന്നാലും ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ ആയുർവ്വേദം കൈകാര്യം ചെയ്യാൻ ആയുർവ്വേദ ബിരുദധാരിയായ ഒരാളെ ആയുർവ്വേദ അസിസ്റ്റൻറ് ഡ്രഗ്സ് കൺട്രോളറായി നിയമിച്ചിട്ടുണ്ട്. കൂടാതെ ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്റ്റർമാരേയും നിയമിച്ചിട്ടുണ്ട്.

12. കേരള യൂണിവേഴ്സിറ്റിയിൽനിന്നും ആയുർവ്വേദ ബിരുദം സമ്പാദിച്ചു വരുന്നവർക്കു ബിരുദാനന്തര പ്രവേശനകാര്യത്തിൽ ആനുപാതിക പ്രാതിനിധ്യം അനുവദിക്കുക.

ഈ കാര്യം പരിശോധിച്ചു ഉചിതമായ നടപടികളും കൈക്കൊള്ളുന്നതാണ്.

13. നിലവിലുള്ള ആയുർവ്വേദ കോളേജുകളിൽ പരിപൂർണ്ണ പഠന സൗകര്യങ്ങളും ഇല്ലാതിരിക്കുന്നിടത്തോളം കാലം പുതിയ കോളേജുകളും അനുവദിക്കാതിരിക്കുക.

പുതിയ ആയുർവ്വേദ കോളേജുകളും അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

14. പാരമ്പര്യ വൈദ്യർക്ക് ബി. ക്ലാസ് റജിസ്ട്രേഷൻ കൊടുക്കാനുള്ള നീക്കം നിർത്തലാക്കുക

പാരമ്പര്യ വൈദ്യൻമാർക്കു ബി. ക്ലാസ് റജിസ്ട്രേഷൻ നൽകാനുള്ളനീക്കങ്ങളൊന്നും ഇപ്പോഴില്ല. മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ബിൽ വീണ്ടും ചർച്ചക്കു വരുമ്പോൾ ഇക്കാര്യം ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

15. വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ കൃത്യ സമയത്തു തന്നെ ലഭ്യമാക്കുക.

ഇതു സംബന്ധിച്ചു പ്രിൻസിപ്പൽമാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

16. കണ്ടൻസ്ഡ് ബി. എ. എം. വിദ്യാർത്ഥികൾക്ക് കണ്ടീഷൻ പ്രമോഷൻ സമ്പ്രദായം നടപ്പിലാക്കുക. ഈ കോഴ്സിനു വെക്കേഷൻ കൂടാതെ ക്ലാസുകൾ നടത്തി കാലദൈർഘ്യം കുറയ്ക്കുക. ഈ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുക.

ഈ കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

17. ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽ ഒഴിവുള്ള വിവിധ തസ്തികകളിൽ ഉടൻ തന്നെ നിയമനം നടത്തുക.

ഒഴിവുകൾ നികത്തുന്നതിനു യഥാസമയം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

18. അഗദതന്ത്രത്തിനു ബിരുദാനന്തര പഠന സൗകര്യങ്ങൾ ഉള്ള പ്ലാൻ ഡി. എ. ടി. എന്ന കോഴ്സ് വീണ്ടും ആരംഭിക്കാനുള്ള നടപടികൾ നിർത്തലാക്കുക.

ഡി. എ. ടി. കോഴ്സിൻെറ മൂന്നാമത്തെ ബാച്ച് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിഷവൈദ്യമെടുത്തു എം. ഡി. പാസ്സായവരുടെ എണ്ണം വളരെ പരിമിതമാണ്. എല്ലാ കാര്യങ്ങളും പരിഗണിച്ചാണ് ഇത്തരത്തിലുള്ള ഒരു കോഴ്സ് വേണമെന്ന് തീരുമാനിച്ചത്.

19. റീ ഇംബേഴ്സ്മെൻറ് സ്കീം കൂടുതൽ വ്യാപകമായി നടപ്പിലാക്കുക.

റീ ഇംബേഴ്സ്മെൻറ് സ്കീം കൂടുതൽ വ്യാപകമായി നടപ്പിലാക്കുക എന്നതുകൊണ്ട് വിദ്യാർത്ഥികൾ എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല.

20. ബസ് അനുവദിക്കുക.

തിരുവനന്തപുരം, തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജുകൾക്ക് കെ. എസ്. ആർ. റ്റി. സി.—യിൽനിന്നു ഓരോ ബസ് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ആയുർവ്വേദ കോളേജ് വാങ്ങിയ ബസ്സിൻെറ അറ്റകുറ്റപണികൾ കഴിച്ച് വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി വിനിയോഗിച്ചും തുടങ്ങിയിട്ടുണ്ട്. തൃപ്പൂണിത്തുറ കോളേജിനു വാങ്ങിയ ബസ് അറ്റകുറ്റപ്പണികൾ കഴിച്ചു എത്രയും വേഗം സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

21. എം. എസ്. എ. എം., എം. ഡി.—ക്ക് തുല്യമാക്കാനുള്ള ഗവൺമെൻറ് നിലപാട് പുനഃപരിശോധിക്കുക.

എം. എസ്. എ. എം., എം. ഡി.—ക്ക് തുല്യമാക്കുന്നതു സംബന്ധിച്ചു ഗവൺമെൻറുതലത്തിൽ ഒരു നീക്കവും നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly